(ബി) ഇതുസംബന്ധിച്ച് ഹൈക്കോടതിയുടെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

പോലീസ് സേനയിലെ സംഘടനാ പ്രവർത്തനം

3 (*724) ഡോ. കെ. ടി. ജലീൽ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിൽ സംഘടനാ പ്രവർത്തനം നിരോധിക്കേണ്ടതാണെന്ന ഹൈക്കോടതി നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിലുള്ള നിലപാട് വെളിപ്പെടുത്താമോ ;

(സി) സേനയിലെ സംഘടനാ പ്രവർത്തനംമൂലം രാഷ്ട്രീയ കൊലപാതക കേസ്സുകളിൽ കാര്യക്ഷമമായ അന്വേഷണം നടക്കുന്നില്ലെന്ന പരാമർശം നടത്താനിടയായ കേസന്വേഷണങ്ങൾ ഏതൊക്കെയായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) പോലീസ് സംവിധാനത്തെ രാഷ്ട്രീയ പ്രേരിതമായി ദുരുപയോഗപ്പെടുത്തുന്നുവെന്ന ആക്ഷേപം പോലീസ് സേനയ്ക്ക് അവമതിപ്പുളവാക്കിയിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ,

(എ) പോലീസ് സേനാംഗങ്ങളുടെ സംഘടനാ പ്രവർത്തനം സംബന്ധിച്ച ഹൈക്കോടതി നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പോലീസ് സംഘടനാ പ്രവർത്തനം സേനയുടെ അച്ചടക്കത്തിനും വിശ്വാസ്യതയ്ക്കും വിഘാതം വരാത്ത രീതിയിലായിരിക്കണം നടത്തിക്കൊണ്ടു പോകേണ്ടത് എന്നതാണ് സർക്കാർ നിലപാട്.

(സി) പരിശോധിച്ചുവരുന്നു. കണ്ണൂർ ജില്ലയിലെ മനോജ് വധക്കേസ്സുമായി ബന്ധപ്പെട്ട് പയ്യോളി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 84/12 കേസ്സിന്റെ തുടരന്വേഷണം സി.ബി.ഐ.-യെ ഏൽപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബോധിപ്പിച്ച ഒരു പൊതുതാൽപര്യ ഹർജി (W.P. (c) 3151/14) പരിഗണിക്കവെയാണ് പോലീസ് സേനയിലെ സംഘടനാ പ്രവർത്തനത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി വാക്കാലുള്ള ഇത്തരമൊരു പരാമർശം നടത്തിയിട്ടുള്ളത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി നിഷ്പക്ഷമായ പ്രവർത്തനമാണ് പോലീസ് സേന നടത്തിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ദിവാകരൻ : സർ, കേരളത്തിലെ പോലീസ് നല്ല പാരമ്പര്യമുള്ള ഒരു വലിയ വിഭാഗം സൈന്യമാണ്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ പോലീസിനെ അപേക്ഷിച്ച് നമ്മൾ ഒരുപാട് പരീക്ഷണങ്ങൾ നടത്തുകയും അതെല്ലാം വിജയിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ മേഖലകളിലേക്ക് പോലീസിന് പ്രവർത്തിക്കാൻ കേരളത്തിൽ മാറിമാറി വന്ന എല്ലാ ഗവൺമെന്റും സഹായിച്ചിരുന്നു. ഉദാഹരണത്തിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കിയ സ്റ്റുഡന്റ്സ് കേഡറ്റ് പോലീസ് പുതിയ സംവിധാനമായിരുന്നു. അത് ദേശീയ ശ്രദ്ധപിടിച്ചുപറ്റിയിട്ടുണ്ട്. അതുപോലെ ജനമൈത്രി പോലീസും വളരെ വിജയകരമായി തുടരുകയാണ്. ഓപ്പറേഷൻ കുബേര ഈ രംഗത്തുള്ള ഒരു പുതിയ പരീക്ഷണമാണ്. അതും ദേശീയശ്രദ്ധ പിടിച്ചുപറ്റിയിരിക്കുകയാണ്. എന്നാൽ അതോടൊപ്പംതന്നെ നമ്മുടെ പോലീസിനെക്കുറിച്ച് അടിക്കടി കോടതിയിൽ അതിരൂക്ഷമായ വിമർശനങ്ങൾ വരുന്നുണ്ട്. കേരളത്തിലെ പോലീസിനകത്ത് സംഘടനാ പ്രവർത്തനത്തിന്റെ പേരിൽ രാഷ്ട്രീയവത്കരണം നടത്തുന്നതിന്റെ ഫലമായാണ് പലപ്പോഴും നിഷ്പക്ഷമതികളായ, സത്യസന്ധരായ പോലീസുദ്യോഗസ്ഥന്മാർക്ക് നീതിനടത്താൻ കഴിയാതെ വരുന്നത്. അതുകൊണ്ട് സംഘടനാ പ്രവർത്തനത്തിന്റെ മറവിൽ പോലീസ് സേനയെ കക്ഷി രാഷ്ട്രീയത്തിന്റെ ഇരകളാക്കുന്ന നടപടി കർശനമായി നിയന്ത്രിക്കണമെന്നാണ് കോടതിയുടെ പരാമർശം. കോടതിയുടെ പരാമർശം വാക്കാലെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞത് നിർഭാഗ്യകരമാണ്. ഹൈക്കോടതിയുടെ നിരീക്ഷണം വാക്കാലല്ല ഇനി എഴുതി ജഡ്ജ്മെന്റായി തന്നാൽ മാത്രമേ അതിന്റെ നടപടി എടുക്കൂവെന്ന് പറയുന്നത് ശരിയല്ല. പോലീസിനെക്കുറിച്ചുള്ള പരാമർശം കൂടെക്കൂടെ കോടതിയിൽ വരുന്നത് ശരിയല്ല. ഇവിടെത്തന്നെ പറഞ്ഞിട്ടുള്ളത്, ക്രിമിനൽസുകളുടെ കൂട്ടം കേരള പോലീസിൽ ഉണ്ടെന്നാണ്. പോലീസിൽ ക്രിമിനലൈസേഷൻ നടത്തുന്നതിന് പരിഹാരം കാണുക എന്നുള്ളത് അത്യാവശ്യമായ കാര്യമാണ്. പോലീസിലുള്ള ക്രിമിനൽസുകളെ കർശനമായി നേരിടണം. ഇപ്പോൾത്തന്നെ അൻപതിലേറെ ഉന്നത ഉദ്യോഗസ്ഥന്മാർ അടങ്ങുന്ന ക്രിമിനലുകൾ പോലീസ് സേനയിലുണ്ടെന്ന് പറയുന്നത് കേരളത്തിലെ പോലീസിന് അപമാനകരമാണ്. ഇക്കാര്യത്തിൽ കർശനമായ സമീപനമെടുക്കണം. ഓപ്പറേഷൻ കുബേരയുടെ കൂടെ കേരളത്തിലെ എല്ലാ സാമ്പത്തിക കുറ്റകൃത്യങ്ങളേയും ഉൾപ്പെടുത്താനുള്ള നടപടിയെടുക്കാൻ കഴിയുമോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ വളരെ ശരിയാണ്. കേരള പോലീസ് ഇന്ത്യയിലെ ഏറ്റവും മികച്ച പോലീസ് സേനയാണ്. പോലീസിന്റെ സംഘടനാ പ്രവർത്തനമെന്ന് പറയുന്നത്, സേനയുടെ ക്ഷേമത്തിനും പൊതുവായ കാര്യങ്ങൾ ഗവൺമെന്റിന്റെയും അധികാരികളുടെയും ശ്രദ്ധയിൽപ്പെടുത്താനും പോലീസ് സേനയുടെ ഐക്യം ഊട്ടിയുറപ്പിക്കുന്നതിനും വേണ്ടിയിട്ടുള്ളതാണ്. ഇതിനകത്ത് രാഷ്ട്രീയമില്ല. ട്രേഡ് യൂണിയൻ സ്വഭാവത്തിൽ യൂണിയനുകൾ പ്രവർത്തിക്കാൻ പാടുള്ളതല്ല. കേരള പോലീസ് ആക്ടിന്റെ 109 അനുസരിച്ച് സർക്കാരിന് നിർണ്ണയിക്കപ്പെടുന്ന നിയന്ത്രണങ്ങൾക്ക് വിധേയമായി വ്യത്യസ്ത റാങ്കുകളിലും വിഭാഗങ്ങളിലുമുള്ള

പോലീസ് ഉദ്യോഗസ്ഥർക്ക് അസോസിയേഷനുകൾ രൂപീകരിക്കാൻ അനുമതി നൽകാവുന്നതാണ്. പക്ഷേ, അത് പരിധിവിട്ട് പോയാൽ നിർണ്ണയിക്കപ്പെടുന്ന നിയന്ത്രണങ്ങൾ നമുക്ക് ചെയ്യാൻ അധികാരമുണ്ട്. പോലീസ് സേനയിൽ പൂർണ്ണമായ അച്ചടക്കം പരിപാലിച്ചുകൊണ്ടുമാത്രമേ ഇവരുടെ വെൽഫെയറിനു വേണ്ടി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള അസോസിയേഷനുകളെ പ്രവർത്തിക്കാൻ സമ്മതിക്കുകയുള്ളൂ. അല്ലാതുണ്ടാകുന്ന ഏത് നടപടിയേയും ഗവൺമെന്റ് ഗൗരവത്തോടുകൂടി എടുക്കും. ഹൈക്കോടതിയുടെ നിരീക്ഷണം ഗവൺമെന്റ് സശ്രദ്ധം വീക്ഷിക്കുന്നുണ്ട്. വാക്കാൽ പറഞ്ഞുവെന്ന് പറഞ്ഞത് ജഡ്ജ്മെന്റിൽ പറഞ്ഞില്ലെന്ന് മാത്രമേയുള്ളൂ. ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞ കാര്യങ്ങൾ ഗൗരവത്തോടുകൂടി എടുക്കുകയാണ്. ഓപ്പറേഷൻ കുബേര നന്നായി മുന്നോട്ട് പോകുന്നുണ്ട്. അത് തുടരുന്നതാണ്. മറ്റ് സാമ്പത്തിക കുറ്റവാളികളുടെ കാര്യത്തിലും ഗവൺമെന്റ് കർശനമായ നടപടികൾ സ്വീകരിക്കും. അക്കാര്യം ഇന്റലിജൻസും മറ്റ് ഏജൻസികളും നിരീക്ഷിച്ചുകൊണ്ടിരിക്കുന്ന കാര്യമാണ്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, പോലീസിലുള്ള ക്രിമിനൽസുകളുടെ കാര്യത്തെ സംബന്ധിച്ച് അങ്ങയുടെ നിലപാട് എന്താണ് ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, സമൂഹത്തിൽ മൊത്തം ക്രിമനലുകളുണ്ട്. പോലീസിനകത്ത് ക്രിമിനൽ കേസ്സുകളുള്ളവരെയെല്ലാം ക്രിമിനലുകളെന്ന് വിളിക്കാൻ പറ്റില്ല. ചില പോലീസുകാരുടെ കൃത്യനിർവ്വഹണത്തിനിടയിൽ അവർക്കെതിരെ ക്രിമിനൽ കേസ്സുകൾ ഫയൽ ചെയ്യും. അവരെ നമുക്ക് ക്രിമനലുകളെന്ന് വിളിക്കാൻ കഴിയില്ല. അതേസമയം ഗുരുതരമായ ക്രിമിനൽ കേസ്സുകളിലുൾപ്പെട്ടിട്ടുള്ള ആളുകളെ പ്രത്യേകം നിരീക്ഷിക്കുകയും അവരുടെ പേരിൽ നടപടികളെടുക്കുകയും ചെയ്യുന്നത് പോലീസ് സേനയിൽ ചെയ്തുവരുന്ന കാര്യമാണ്. അങ്ങനെയുള്ള ആളുകൾക്ക് സെൻസിറ്റീവ് പോസ്റ്റിംഗ് നൽകാതിരിക്കുന്നതുപോലുള്ള ധാരാളം നടപടികൾ ഗവൺമെന്റ് കൈക്കൊണ്ടുവരുന്നുണ്ട്. അതുപോലുള്ള കാര്യങ്ങൾ തുടരുകയും ചെയ്യും. ക്രിമിനൽ സ്വഭാവത്തോടുകൂടിയുള്ള ഗൗരവതരമായ കുറ്റകൃത്യങ്ങൾ ചെയ്യുന്ന ഒരാളേയും ഗവൺമെന്റ് സ്പെയർ ചെയ്യാൻ ആഗ്രഹിക്കുന്നില്ല.

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, പോലീസിലെ സംഘടനാ പ്രവർത്തനം ഹൈക്കോടതി വാക്കാൽ പരാമർശിച്ചുവെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ റിപ്പോർട്ടിലൂടെ സവിസ്തരം വ്യക്തമാക്കി. നിയമപാലകർ നീതി നടപ്പാക്കുകയും സത്യസന്ധമായി നിയമം നടപ്പിലാക്കുകയും ചെയ്യുന്ന സംസ്ഥാനത്തെ പോലീസ് സേനയിൽ രാഷ്ട്രീയ സ്വഭാവത്തോടുകൂടിയുള്ള സംഘടനാ പ്രവർത്തനം രഹസ്യമായോ പരസ്യമായോ നടക്കുന്നുണ്ടോയെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി അന്വേഷിച്ചിട്ടുണ്ടോ ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, കെ.പി. ആക്ടിലെ 109 സെക്ഷൻ അനുസരിച്ച് സംഘടനാ പ്രവർത്തനത്തിനുള്ള സ്വാതന്ത്ര്യം അവർക്ക് നൽകിയിട്ടുണ്ട്. അത് രാഷ്ട്രീയമായ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കരുതെന്ന് പ്രത്യേകമായി നിഷ്കർഷിച്ചിട്ടുള്ള കാര്യമാണ്. പോലീസ് സേനയുടെ ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

പരമപ്രധാനമായ cardinal principle എന്ന് പറയുന്നത് ഡിസിപ്ലിനാണ്. ഡിസിപ്ലിനെ ലംഘിക്കുന്ന തരത്തിലുള്ള രാഷ്ട്രീയമായ പ്രവർത്തനമുണ്ടായാൽ തീർച്ചയായും പോലീസിന്റെ അത്തരം പ്രവർത്തനങ്ങളെ ഗൗരവമായി കാണുകയും അത് നിയന്ത്രിക്കുകയും ചെയ്യും.

ശ്രീ. ജി. എസ്. ജയലാൽ : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു പോലെ, പോലീസ് ആക്ട് അനുസരിച്ച് നടത്തുന്ന സംഘടനാ പ്രവർത്തനം, ഹൈക്കോടതി പരാമർശം പരിശോധിക്കുമ്പോൾ, അത് പരിധിവിട്ടുപോകുന്നതായിട്ടുള്ള ആശങ്കയാണുള്ളത്. പോലീസ് സേനയിലെ സംഘടനാ പ്രവർത്തനം നിരോധിക്കണമെന്നാണ് ഹൈക്കോടതി പരാമർശം നടത്തിയത്. കാര്യക്ഷമമായ കേസ്സന്വേഷണത്തിന് ജനങ്ങൾക്ക് സി.ബി.ഐ.-യെ ആശ്രയിക്കേണ്ട സ്ഥിതിയാണെന്നുപോലും ആ പരാമർശത്തിൽ വന്നു. രാഷ്ട്രീയ ലാഭത്തിനുവേണ്ടി പോലീസ് സംഘടനകളെ ഉപയോഗിക്കുന്ന ശൈലി പോലീസ് സഹകരണ സംഘം തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉണ്ടാകുകയും അത് നാട്ടിലെ ക്രമസമാധാന പ്രശ്നമായി മാറുകയും ചെയ്ത സാഹചര്യവുമുണ്ടായിട്ടുണ്ട്. അത്തരത്തിലുള്ള കേസ്സുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എത്ര കേസ്സുകളാണ് പോലീസ് സഹകരണസംഘം തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ക്രമസമാധാന പ്രശ്നത്തിന്റെ പേരിലുള്ളതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, ഇതിൽ ആശയക്കുഴപ്പമുണ്ടാക്കരുത്. പയ്യോളി മനോജ് വധവുമായി ബന്ധപ്പെട്ട കേസ് സിബിഐ.-ക്ക് വിടണമോയെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജി പരിഗണിക്കവെ, ഗവൺമെന്റിന് ഇത് സി.ബി.ഐ.-ക്ക് വിടുന്നതിൽ എതിർപ്പില്ലെന്ന് ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ശ്രീ. അസഫ് അലി ഗവൺമെന്റിന്റെ ഭാഗം വിശദീകരിച്ചുകൊണ്ട് പറഞ്ഞു. കേസ് സി.ബി.ഐ.-ക്ക് വിടണമെന്ന് കൊലചെയ്യപ്പെട്ടയാളിന്റെ ബന്ധുമിത്രാദികൾ ആവശ്യപ്പെട്ടാൽ ഞങ്ങളത് അംഗീകരിച്ചുകൊടുക്കാറുണ്ട്. ഇതൊരാവശ്യമായി വന്നപ്പോൾ, സി.ബി.ഐ.-ക്ക് വിടുന്നതിൽ തെറ്റില്ലെന്ന് ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ പറഞ്ഞു. ഇത്തരം കേസ്സുകൾ സി.ബി.ഐ.-ക്ക് വിടണമെന്ന് പറയുന്നത് കേരളാ പോലീസ് അസോസിയേഷനും കൂടി ഉള്ളതുകൊണ്ടുള്ള കാര്യക്ഷമതക്കുറവാണോ എന്നുള്ള നിലയിലാണ് കോടതി പരാമർശം നടത്തിയത്. അന്തർ സംസ്ഥാന ബന്ധമുള്ള കേസ്സുകളും വിവിധ രാജ്യങ്ങളുമായി ബന്ധപ്പെട്ട കേസ്സുകളും സർക്കാർ അന്വേഷിക്കുമ്പോൾ, ആ കേസ്സന്വേഷണം നടത്തിയത് പോരെന്നുകണ്ടാൽ സി.ബി.ഐ. എന്ന സെൻട്രൽ ഏജൻസിക്ക് കൊടുക്കുന്നത് പുതിയ കാര്യമല്ല. ഇതുപോലെ മുമ്പും കൊടുത്തിട്ടുണ്ട്. കോടതിയുടെ പരാമർശം ഈയൊരു സാഹചര്യത്തിലാണ് വന്നത്. ഏതായാലും ഗവൺമെന്റ് ഇക്കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്. അസോസിയേഷനുമായി ബന്ധപ്പെട്ട കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സംഘടനാ തെരഞ്ഞെടുപ്പിൽ കണ്ണൂരിലും തിരുവനന്തപുരത്തുമാണ് പ്രശ്നങ്ങളുണ്ടായിട്ടുള്ളത്. കണ്ണൂരിൽ 22 പേരെ സസ്പെന്റ് ചെയ്യുകയുണ്ടായി. തിരുവനന്തപുരത്ത് ആരെയും സസ്പെന്റ് ചെയ്തിട്ടില്ല. ഏതാനും ആളുകളുടെ പേരിൽ ഡിസിപ്ലിനറി എൻക്വയറിക്ക് പോലീസ് കമ്മീഷണർ ഉത്തരവിട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, പോലീസ് സേനയ്ക്ക് സംഘടനാ സ്വാതന്ത്ര്യം കൊടുത്തത് പോലീസുകാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും അവരെ ഐക്യത്തോടെ കൊണ്ടുപോകാനും അവരുടെ ക്ഷേമപ്രവർത്തനങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുമാണ്. ടി. കെ. രാമകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് ഇത് നടപ്പിലാക്കിയത്. വർഷങ്ങൾക്കുശേഷം കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റാണ് പോലീസ് ആക്ട് അമെന്റ് ചെയ്തത്. ഇതെല്ലാമാണെങ്കിലും ഹൈക്കോടതിക്ക് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് പരാമർശം വന്നിരിക്കുന്നത്. എന്നാൽ രാഷ്ട്രീയമായ ലക്ഷ്യം നിർവ്വഹിക്കുന്നതിനുവേണ്ടി ഈ സംഘടനാ പ്രവർത്തനം നടത്തുന്നു എന്നുള്ളതാണ് പല കാര്യങ്ങളിലും ചൂണ്ടിക്കാണിക്കാനുള്ളത്. സാധാരണക്കാരൻ പ്രതിയായി അഴിയെണ്ണേണ്ടിവരുന്ന കേസ്സുകളിൽപ്പോലും പോലീസുകാരൻ പ്രതിയായി വന്നാൽ ഈ സംഘടനാ സ്വാതന്ത്ര്യത്തിന്റെ പേരിൽ രക്ഷപ്പെട്ടുപോകുന്നു. ഇത് നമ്മുടെ നിയമസംഹിതയെ വെല്ലുവിളിക്കുന്ന നിലയിലേക്ക് വരുന്നുവെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; രാഷ്ട്രീയ ലക്ഷ്യം വച്ചുകൊണ്ട് പല ഉദ്യോഗസ്ഥൻമാരെയും ക്രമരഹിതമായി ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. അതുസംബന്ധിച്ച തെളിവുകൾ വേണമെങ്കിൽ ഞാൻ ഹാജരാക്കാം. അതുപോലെ അഴിമതിക്കാരായിട്ടുള്ളവരെയും ക്രിമിനൽ സ്വഭാവമുള്ളവരെയും പോലീസ് വകുപ്പിന്റെ പ്രധാനപ്പെട്ട പോസ്റ്റുകളിലേക്ക് നിയമിക്കുവാൻ പാടില്ലെന്നുണ്ട്. പക്ഷേ അത്തരം ആളുകൾ ഇന്ന് പലയിടത്തും ഇരിക്കുന്നുണ്ട്. അത്തരമാളുകളെ കണ്ടെത്തുവാനും അവർക്കെതിരെ ശക്തമായ നടപടിയെടുക്കാനും ഈ സംഘടനാ സ്വാതന്ത്ര്യത്തിന്റെ പേരിൽ പലപ്പോഴും കഴിയുന്നില്ലെന്ന വസ്തുതയും മനസ്സിലാക്കേണ്ടതുണ്ട്. അതുപോലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ് ഓപ്പറേഷൻ കുബേര വഴി അങ്ങ് നടപ്പിലാക്കിയത്. ഇന്ന് സ്ത്രീ പീഡനവുമായി ബന്ധപ്പെട്ട് ധാരാളം കേസ്സുകൾ വരുന്നുണ്ട്. ഓപ്പറേഷൻ ദുശാസ്സന എന്ന പദ്ധതി അങ്ങേയ്ക്ക് നടപ്പിലാക്കാൻ കഴിയുമോ ; അതുപോലെ പോലീസ് സേനയിലെ ഡ്രൈവർമാർ, ബ്യൂഗ്ലർമാർ തുടങ്ങിയ തസ്തികകളിൽ വർക്ക് ചെയ്യുന്ന ഉദ്യോഗസ്ഥൻമാരെ പോലീസ് സേന അംഗങ്ങളായി കണക്കാക്കി സേവന വേതന വ്യവസ്ഥകൾ അംഗീകരിച്ചിട്ടില്ല. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ പോലീസ് അസോസിയേഷന് കഴിഞ്ഞിട്ടില്ല. ഇതിനുകൂടി അങ്ങ് ആവശ്യമായ തീരുമാനമെടുക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, ശ്രീ. ചിറ്റയം ഗോപകുമാർ അഞ്ച് ചോദ്യങ്ങളാണ് ചോദിച്ചത്. ഞാൻ അഞ്ച് ചോദ്യത്തിനും മറുപടി പറയണോ ?

മി. സ്പീക്കർ : സംഘടനാ പ്രവർത്തനവുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ ചോദ്യത്തിന് മറുപടി പറഞ്ഞാൽ മതി.

ശ്രീ. രമേശ് ചെന്നിത്തല : സർ, പോലീസ് അസോസിയേഷന്റെ പ്രവർത്തനം തീർച്ചയായും ഗവൺമെന്റ് നിയന്ത്രിക്കുന്നുണ്ട്. അത് പരിധിവിട്ട് പോകാതിരിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പരിധിവിട്ടുപോയാൽ അതിന്റെ പേരിൽ നടപടിയുണ്ടാകും.

ഒരു പോലീസുകാരൻ മാത്രം വിചാരിച്ചാൽ കേസ്സുകൾ വഴിതിരിച്ചുവിടാൻ കഴിയില്ല. അത് റെക്ടിഫൈ ചെയ്യാനുള്ള മെക്കാനിസം ഇപ്പോൾ പോലീസ് ഡിപ്പാർട്ടുമെന്റിലുണ്ട്. ഏതെങ്കിലുമൊരു പോലീസുദ്യോഗസ്ഥൻ തെറ്റായ രീതിയിൽ കേസ്സെടുത്താൽ അത് മോഡിഫൈ ചെയ്യാനും റെക്ടിഫൈ ചെയ്യാനുമുള്ള സിസ്റ്റം പോലീസ് ആക്ടിലും ഐ.പി.സി.-യിലും സി.ആർ.പി.സി.-യിലുമുണ്ട്. അതുകൊണ്ട് ഏതെങ്കിലുമൊരു പോലീസുദ്യോഗസ്ഥൻ വിചാരിച്ചാൽ കേസ്സിന്റെ വഴി തിരിച്ചുവിടാമെന്നുള്ള വാദം ശരിയല്ല. സെൻസിറ്റീവായ പോസ്റ്റുകളിൽ നിയമിക്കരുതെന്ന് പറഞ്ഞിട്ടുള്ള പോലീസുദ്യോഗസ്ഥൻമാരെ അത്തരം സ്ഥാനങ്ങളിൽ വയ്ക്കുന്ന കാര്യത്തിൽ ഗവൺമെന്റിന് താൽപ്പര്യമില്ല. ഡ്രൈവർമാരുടെ കാര്യത്തിൽ ഇപ്പോൾത്തന്നെ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പോലീസ് സേനയിൽ ഇപ്പോൾ ഡ്രൈവർമാരുടെ കുറവുണ്ട്. അത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പക്ഷേ പി.എസ്.സി. ഇതുവരെ കായികക്ഷമതാ പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് തന്നിട്ടില്ല. അതുകൊണ്ട് പോലീസ് സേനയിലുള്ള കോൺസ്റ്റബിൾമാർക്കുകൂടി ഡ്രൈവർമാരുടെ ജോലി ചെയ്യാമെന്നുള്ള നിലയിലുള്ള സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

ഡോ. കെ. ടി. ജലീൽ : സർ, വിദ്യാർത്ഥി സംഘടനാ പ്രവർത്തനം വിദ്യാർത്ഥികളിലെന്നപോലെ പോലീസുകാരുടെ സംഘടനാ പ്രവർത്തനം പോലീസുകാർക്കിടയിലും വലിയ സാമൂഹ്യമാറ്റങ്ങൾക്ക് വഴിവച്ചിട്ടുണ്ട്. ഏത് സമൂഹത്തിലുമെന്നപോലെ സംഘടനാ പ്രവർത്തനം പോലീസ് സേനയിലും സാമൂഹ്യ പ്രതിബദ്ധതയും സേവന മനസ്കതയുമുൾപ്പെടെ നിരവധി ഗുണപരമായ മാറ്റങ്ങളുണ്ടാക്കിയിട്ടുണ്ടെന്നുള്ളത് സത്യമാണ്. സംഘടനാ പ്രവർത്തനവും പോലീസിന്റെ രാഷ്ട്രീയവൽക്കരണവും രണ്ടായിത്തന്നെ കാണേണ്ടതാണ്. പോലീസിന്റെ രാഷ്ട്രീയവൽക്കരണത്തെത്തുടർന്നാണ് ഹൈക്കോടതിയിൽ നിന്ന് ചില പരാമർശങ്ങളുണ്ടായത്. പോലീസ് സേനയിൽ സംഘടനാ പ്രവർത്തനമനുവദിച്ചിട്ടുള്ള മറ്റ് സംസ്ഥാനങ്ങൾ ഏതൊക്കെയാണ്? അവിടങ്ങളിലെ സംഘടനാ പ്രവർത്തനവും കേരളത്തിലെ പോലീസുകാർക്കിടയിലെ സംഘടനാ പ്രവർത്തനവും തമ്മിൽ മൗലികമായി എന്തെങ്കിലും വ്യത്യാസമുള്ളതായി ആഭ്യന്തര വകുപ്പുമന്ത്രി എന്നുള്ള നിലയിൽ അങ്ങേയ്ക്ക് തോന്നിയിട്ടുണ്ടോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, മറ്റ് പല സംസ്ഥാനങ്ങളിലും ഇതുപോലെ അസോസിയേഷനുകൾ രൂപീകരിക്കാനുള്ള സ്വാതന്ത്ര്യം കൊടുത്തിട്ടുണ്ട്. കേരളത്തിൽ പോലീസ് അസോസിയേഷനുകൾ രൂപീകരിച്ചതുകൊണ്ട് പോലീസ് സേനയുടെ ഡിസിപ്ലിനിലോ അച്ചടക്കത്തിലോ ഭംഗം വന്നെന്നുള്ള അഭിപ്രായത്തോട് എനിക്ക് യോജിപ്പില്ല. പോലീസുകാരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകാനും പോലീസുകാർ പൊതുജനങ്ങളോട് എങ്ങനെ പെരുമാറണമെന്നുള്ള കാര്യത്തിലുമെല്ലാം അസോസിയേഷനുകൾ പോസിറ്റീവായ സമീപനങ്ങൾ സ്വീകരിക്കുന്നുണ്ടെന്നുള്ളത് ഗുണപരമായ മാറ്റമാണ്. കോടതി പറഞ്ഞതിനെ തെറ്റിദ്ധരിക്കരുത്. സി.ബി.ഐ.-ക്ക് കേസ് വിടണമെന്ന് ഗവൺമെന്റ് പറഞ്ഞത് പോലീസ് അസോസിയേഷന്റെ പ്രവർത്തനത്തിന്റെ ഫലമായി പോലീസിനെ രാഷ്ട്രീയവൽക്കരിക്കുന്നതിന്റെ ഭാഗമായാണെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒരു പരാമർശമാണ് കോടതി നടത്തിയത്. ആ പരാമർശം തന്നെ ശരിയല്ല. കാരണം ചില കേസ്സുകൾ സി.ബി.ഐ.-ക്ക് വിടണമെന്നുള്ളത് ഗവൺമെന്റിന്റെ നിലപാടാണ്. കൂടുതൽ അന്വേഷണത്തിനും മറ്റ് ഏജൻസികളുടെ സഹായം തേടാൻ കുറ്റവാളികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരണമെങ്കിൽ അത്തരം കേസ്സുകൾ സി.ബി.ഐ.-ക്ക് വിടുന്നത് ആദ്യത്തെ സംഭവമല്ല. പയ്യോളി മനോജ് കേസ് മാത്രമല്ല, നിരവധി കേസ്സുകൾ കേരളത്തിൽ അങ്ങനെ വിട്ടിട്ടുണ്ട്. അതിന്റെ പശ്ചാത്തലത്തിൽ തെറ്റിദ്ധരിക്കപ്പെട്ടാണ് കോടതി ഇത് പറഞ്ഞിട്ടുള്ളതെന്നാണ് എന്റെ വിശ്വാസം. അതുപോലെ ബംഗാളിലും പോലീസ് അസോസിയേഷനുണ്ടായിരുന്നു. ശ്രീമതി മമതാ ബാനർജിയുടെ പുതിയ ഗവൺമെന്റ് വന്നതിനുശേഷം ആ അസോസിയേഷൻ നിർത്തലാക്കുകയുണ്ടായി.

ഡോ. കെ. ടി. ജലീൽ : സർ, പോലീസിന്റെ സംഘടനാ പ്രവർത്തനത്തെ സംബന്ധിച്ച് മാത്രമല്ല ഹൈക്കോടതി പരാമർശം നടത്തിയിട്ടുള്ളത്. നമ്മുടെ രാജ്യത്ത് രാഷ്ട്രീയപ്രവർത്തനംതന്നെ നിർത്തിയാൽ നന്നായിരിക്കുമെന്നുള്ള പരാമർശങ്ങൾ കോടതികളും ജഡ്ജിമാരും നടത്തിയിട്ടുണ്ട്. അതിനെക്കുറിച്ച് നമ്മൾ അത്ര worried ആകേണ്ട കാര്യമില്ലെന്നാണ് എനിക്ക് തോന്നുന്നത്. പോലീസ് സേനയിൽ ക്രിമിനൽവൽക്കരണം പുതിയ കാലത്ത് വളരെ കൂടുതലായി നടന്നുകൊണ്ടിരിക്കുന്നു. പോലീസിൽ ക്രിമിനൽ സ്വഭാവമുള്ള ആളുകൾ പല ഉയർന്ന സ്ഥാനങ്ങളിലും അവരോധിക്കപ്പെട്ടിരിക്കുന്നുവെന്നുള്ള പരാമർശങ്ങളും ആക്ഷേപങ്ങളും വന്നുകൊണ്ടിരിക്കുകയാണ്. ഇതിനെതിരായി അത്തരത്തിൽ ആക്ഷേപിക്കപ്പെടുന്ന ആളുകളെ അത്തരം സ്ഥാനങ്ങളിൽ നിന്ന് മാറ്റിനിർത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; ഇതിനകം അങ്ങനെ മാറ്റി നിർത്തിയിട്ടുണ്ടോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, പോലീസ് സേനയിലുള്ള എല്ലാ ആളുകളും ക്രിമിനലുകളാണെന്നുള്ള അഭിപ്രായം ആർക്കുമില്ല. പക്ഷെ, ചില ക്രിമിനൽ നടപടികൾക്ക് വിധേയമാകുന്ന ആളുകൾ, പൊതുവായി അങ്ങനെ അഭിപ്രായമുള്ളയാളുകളെ സെൻസിറ്റീവായി പോസ്റ്റ് ചെയ്യാതിരിക്കുവാനും അവരുടെ പ്രവർത്തനങ്ങളുടെ മേൽ നിരീക്ഷിക്കാനുമുള്ള സംവിധാനം പോലീസിൽ നിലവിലുണ്ട്. അക്കാര്യത്തിൽ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധ കാണിക്കുന്നുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, പോലീസുകാരുടെ ഔദ്യോഗികമായ സംഘടനയാണ് പോലീസ് അസോസിയേഷൻ. വ്യത്യസ്തമായ അഭിപ്രായമുള്ളവർ സംഘടനയ്ക്കകത്തുണ്ടാകും. സംഘടന എടുക്കുന്ന നിലപാടുകളെ അവർ വ്യത്യസ്തമായ രീതിയിൽ പ്രകടിപ്പിക്കുകയും ചെയ്യുന്നു. അതിന്റെ ഫലമായി പോലീസുകാർക്ക് സംഘടന വേണ്ടെന്നുള്ള നിലപാട് സ്വീകരിക്കുന്നത് വിപരീതഫലം മാത്രമേ ചെയ്യുകയുള്ളൂ. നമ്മുടെ ഗവൺമെന്റ് പോലീസിൽ ആവിഷ്കരിച്ച ഒട്ടേറെ പദ്ധതികളുണ്ട്. അത് വിജയകരമായി നടപ്പാക്കാൻ സാധിക്കുന്നത് ഇത്തരം അസോസിയേഷനുകളിലൂടെയാണ്. പോലീസുകാർക്ക് മാത്രമല്ല ഓഫീസേഴ്സിനും അതിന്റെ മുകളിലുള്ള ഓഫീസേഴ്സിനും ഐ.പി.എസ്.- കാർക്കും അസോസിയേഷനുണ്ട്. ഇത്തരം അസോസിയേഷനുകൾ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കുന്നതുകൊണ്ട് പോലീസിൽ ആവിഷ്ക്കരിക്കുന്ന പല പദ്ധതികളും വിജയകരമായി നടപ്പാക്കാൻ കഴിയുന്നുണ്ട്. കടലോര ജാഗ്രതാസമിതി നേരത്തെ ആവിഷ്കരിച്ച ഒരു പദ്ധതിയാണ്. ഈ പദ്ധതി തീരദേശങ്ങളിലെ കുറ്റകൃത്യങ്ങൾ കുറയ്ക്കാനും കടൽവഴിവരുന്ന സംവിധാനങ്ങളെ മനസ്സിലാക്കാനുമുള്ളതായിരുന്നു. കടലോര ജാഗ്രതാസമിതി 73 പോലീസ് സ്റ്റേഷനുകൾ കേന്ദ്രമാക്കി പ്രവർത്തിച്ചു വന്നിരുന്നു. ഇപ്പോൾ അതിന്റെ പ്രവർത്തനം നടക്കുന്നുണ്ടോയെന്ന കാര്യം സർക്കാർ വ്യക്തമാക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് വളരെ ശരിയായ കാര്യമാണ്. പോലീസ് അസോസിയേഷനുകൾ പോലീസിൽ മാത്രമല്ല ഐ.പി.എസ്.-കാർക്കും ഓഫീസേഴ്സിനും പോലീസിനുമുണ്ട്. ഈ അസോസിയേഷനുകളുടെ പ്രവർത്തനം ഗുണപരമായ പലതരത്തിലുള്ള മാറ്റങ്ങൾക്കും സഹായിക്കുന്നുണ്ട്. അതോടൊപ്പംതന്നെ ഗവൺമെന്റ് നടപ്പാക്കുന്ന പല പരിപാടികളിലും അവരുടെ സഹായമുണ്ടാകുന്നുണ്ട്. കടലോര ജാഗ്രതാ സമിതി പുനഃസംഘടിപ്പിക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. കാരണം കടൽ കടന്നുവരുന്ന തീവ്രവാദമുൾപ്പെടെയുള്ള നടപടികൾ തടയാൻ വേണ്ടിയാണ് കോസ്റ്റൽ പോലീസ് കേന്ദ്രസഹായത്തോടുകൂടി നടപ്പാക്കുന്നത്. പുതിയ 10 കോസ്റ്റൽ പോലീസ് സ്റ്റേഷനുകളാരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ കുറെക്കൂടി വിപുലീകരിക്കാനും കാര്യക്ഷമമാക്കാനുംവേണ്ടി പുനഃസംഘടിപ്പിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ആർ. രാജേഷ് : സർ, നമ്മുടെ സമൂഹത്തിൽ വിദ്യാർത്ഥികളായാലും ജീവനക്കാരായാലും എല്ലാവർക്കും രാഷ്ട്രീയമുണ്ടാകണം. അവരുടെ ഔദ്യോഗിക കടമയിലേക്കുവരുമ്പോൾ രാഷ്ട്രീയം കലർത്തുന്നതാണ് ഏറ്റവും അപകടം. ഈ ഗവൺമെന്റ് വന്നതിനുശേഷം പോലീസ് സേനയിൽ രാഷ്ട്രീയപരമായിട്ടുള്ള നിലപാടുകൾ സ്വീകരിച്ചു പോകുന്നതായാണ് കാണാൻ കഴിയുന്നത്. ഈ നിയമസഭയിലെ സാധുക്കളായ രണ്ട് എം.എൽ.എ.-മാരാണ് ശ്രീ. കെ. കെ. നാരായണനും ശ്രീ. സി. കൃഷ്ണനും. ഇവർ ഒരു ഉറുമ്പിനെപ്പോലും നോവിക്കാത്തവരാണ്. അവർക്കെതിരെപോലും രാഷ്ട്രീയപരമായ കാരണത്തിന്റെ ഭാഗമായി കേസെടുക്കുമെന്ന നിലയിലേക്ക് മാറിയിട്ടുണ്ട്. ഞാൻ ചോദിക്കുന്നത് അങ്ങ് നൂതനമായി പ്രഖ്യാപിച്ച പദ്ധതിയാണ് ഓപ്പറേഷൻ കുബേര. അതുപോലും പാളിപ്പോകുന്നതിന്റെ കാരണമായി തോന്നുന്നത് രാഷ്ട്രീയ നിലപാടുകളാണ്. ഓപ്പറേഷൻ കുബേരയുടെ ഭാഗമായിട്ടുള്ള കേസുകളും ഈ പോലീസ് സേന എടുക്കുന്നതിന്റെ ഭാഗമായിട്ടാണ്, അത് അങ്ങ് പരിശോധിച്ചിട്ടുണ്ടോ ; ആവശ്യമായ നടപടികൾ അക്കാര്യത്തിൽ സ്വീകരിക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, ഉണ്ടാകുന്ന കേസുകളുടെ അടിസ്ഥാനത്തിലാണ് പോലീസിന്റെ പ്രവർത്തനം. കേസുകൾ എങ്ങനെയെന്നുള്ളതാണ് ; അല്ലാതെ ആര് ചെയ്തു എന്നതല്ല. ഞാനാണെങ്കിലും ശ്രീ. രാജേഷാണെങ്കിലും ശ്രീ. നാരായണനാണെങ്കിലും കുറ്റകൃത്യം ചെയ്താൽ അവരുടെ പേരിൽ പോലീസിലെ നിലനിൽക്കുന്ന നിയമങ്ങൾക്കനുസരിച്ച് നടപടികളുണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

ഏത് കുറ്റം ചെയ്തു എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ്. ഓപ്പറേഷൻ കുബേരയിൽ ഒരു കാരണവശാലും രാഷ്ട്രീയ ഇടപെടലുകൾ അനുവദിച്ചിട്ടില്ല. എല്ലാ രാഷ്ട്രീയകക്ഷികളിൽപ്പെട്ട ആളുകളും ഇതിനകംതന്നെ പലതരത്തിലുള്ള കേസുകളിൽ ഉൾപ്പെട്ടിട്ടുണ്ട്. ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും ആരും ഈ കേസിൽ ഇടപെട്ടിട്ടില്ല. രാഷ്ട്രീയ ഇടപെടലുകൾ ഉണ്ടാകില്ല. നിഷ്പക്ഷവും നീതിപൂർവ്വമായ നിലയിൽത്തന്നെ ഓപ്പറേഷൻ കുബേരയുടെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്.

ശ്രീ. എസ്. രാജേന്ദ്രൻ : സർ, പോലീസിന്റെ സംഘടനാപ്രവർത്തനത്തിൽ അവർ ചെയ്യുന്ന സേവനത്തിന് നൽകുന്ന ആനുകൂല്യങ്ങൾ അല്ലെങ്കിൽ ആധുനികമായ സംവിധാനങ്ങൾ ഗവൺമെന്റിൽ നിന്നും ലഭ്യമാക്കുന്നതിനു വേണ്ടിയിട്ടുള്ള ഇടപെടലുണ്ടാകണം. അങ്ങയുടെ മനസ്സിൽ പോലീസിന്റെ യൂണിഫോം മാറ്റണമെന്നുള്ള ആഗ്രഹമുണ്ട്. അവരുടെ യൂണിഫോം കൊണ്ടു മാത്രമല്ല, ഈ സംഘടനാ പ്രവർത്തനത്തിൽ അവർ ഏത് സംഘടനയ്ക്ക് വിധേയമാകുന്നുണ്ടോ, ആർക്കാണോ സേവനം നടത്തുന്നത് ; അതിന് അവർക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ ലഭ്യമാക്കണം. ഇത് നിയമസഭാംഗം പറയുന്നതിനെക്കാളുപരി ഒരു പഞ്ചായത്ത് പ്രസിഡന്റ് പറയുന്നത് ന്യായമാണെങ്കിൽ അത് ചെയ്യണം. പക്ഷെ, പഞ്ചായത്ത് പ്രസിഡന്റ് പറയുന്നത് തെറ്റാണെങ്കിലും അത് അവർ വഹിക്കുന്ന സംഘടനയുടെ ഭാഗമാണെന്നുകണ്ടുകൊണ്ട് അതിനനുകൂലമായ നിലപാട് സ്വീകരിക്കുകയും മറ്റേത് അവഗണിക്കുകയും ചെയ്യുന്ന നിലപാടുകളെടുക്കുന്നതിനെ എങ്ങനെയാണ് പരിഹരിക്കാൻ അങ്ങ് ഉദ്ദേശിക്കുന്നത് ?

ശ്രീ. രമേശ് ചെന്നിത്തല : സർ, പോലീസിന്റെ യൂണിഫോമിന് 5,000 രൂപയായി ഇപ്പോൾ ഗവൺമെന്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ ആഴ്ചയിലാണ് അതിനുള്ള നടപടി മന്ത്രിസഭായോഗം എടുത്തത്. കടുത്ത സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിലും പോലീസുകാരുടെ യൂണിഫോമിന് 5,000 രൂപയായി വർദ്ധിപ്പിച്ചത് ശ്രദ്ധേയമായ നടപടിയാണ്. അതുപോലെതന്നെ പോലീസുകാരുടെ മറ്റു തരത്തിലുള്ള പല വിഷമതകളും ഇപ്പോൾ പരിഹരിക്കാനുള്ള നടപടികളും ഗവൺമെന്റ് കൈക്കൊണ്ടുവരികയാണ്.

മി. സ്പീക്കർ : ഉപചോദ്യങ്ങൾ ആവശ്യപ്പെട്ടവർ ക്ഷമിക്കണം. കാരണം രണ്ടു ചോദ്യങ്ങൾ ക്ലബ്ബ് ചെയ്താണ് ഒന്നായി വന്നത്.

മത്സ്യത്തൊഴിലാളികൾക്കുള്ള സേവനങ്ങളുടെ പരിഷ്കരണം

4 (*723) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന സേവനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly